തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ നിർമ്മാണം

23 [186] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ഈസ്റ്റ് എളേരി പഞ്ചായത്തിലെ കടുമേനി, പട്ടേങ്ങാനം, സർക്കാറി പട്ടികജാതി കോളനികളിലേയും വെസ്റ്റ് എളേരി പഞ്ചായത്തിലെ മണാട്ടിക്കവല, മേലടുക്കം എന്നിവിടങ്ങളിലേയും നിർദ്ദിഷ്ട കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ഈസ്റ്റ് എളേരി പഞ്ചായത്തിലെ കടുമേനി, പട്ടേങ്ങാനം കുടിവെള്ള പദ്ധതികളുടെ കിണറിന്റെയും ടാങ്കിന്റെയും പണി പൂർത്തീകരിച്ചു. പൈപ്പ് ലൈനിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. സർക്കാറി പട്ടികജാതി കോളനി കുടിവെള്ള പദ്ധതിയുടെ ടാങ്കിന്റെ പണി പൂർത്തീകരിച്ചു. കിണറിന്റെയും പൈപ്പ്ലൈനിന്റെയും പ്രവർത്തി പുരോഗമിച്ചുവരുന്നു. വെസ്റ്റ് എളേരി പഞ്ചായത്തിലെ മണാട്ടിക്കവല കുടിവെള്ള പദ്ധതിയുടെ കിണറിന്റെയും ടാങ്കിന്റെയും പമ്പ് ഹൗസിന്റെയും പണി പൂർത്തീകരിച്ചു. പൈപ്പ് ലൈനിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. മേലടുക്കം കുടിവെള്ള പദ്ധതിയുടെ കിണറിന്റെയും ടാങ്കിന്റെയും പൈപ്പ്ലൈനിന്റെയും പ്രവൃത്തി പുരോഗമിച്ചുവരുന്നു.

ജലനയം

24 [187] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരൾച്ചയും കുടിവെള്ളക്ഷാമവും രൂക്ഷമായി വരുന്ന സാഹചര്യത്തിൽ സമഗ്രമായ ജലനയം ആവിഷ്ക്കരിച്ച് നടപ്പാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ജലനയം സംബന്ധിച്ച വിശദവിവരം അറിയിക്കുമോ;

(സി) നദികളെ അടിസ്ഥാനമാക്കി ജല ജില്ലകൾ രൂപവൽക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ജലസംരക്ഷണം, നദികളും മറ്റു ജല സംഭരണികളും സ്രോതസ്സുകളും നിലനിർത്തൽ, ഭൂവിനിയോഗം ശാസ്ത്രീയമാക്കി പാടശേഖരങ്ങളും മറ്റും സംരക്ഷിക്കൽ മുതലായവയെക്കുറിച്ച് പഠനം നടത്തിയാണോ ജലനയം ആവിഷ്ക്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഇ) പഠനം നടത്തിയതിന്റെ റിപ്പോർട്ട് മറ്റു വിശദാംശങ്ങൾ എന്നിവ അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly